വാറ്റ് നിയമം നടപ്പിലാക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി

*19 [49] ശ്രീ. ചെർക്കളം അബ്ദുള്ള:
,, സി. ടി. അഹമ്മദ് അലി:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നിയമം പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ഏതുവിധമാണ് ബാധിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) മിക്ക സാധനങ്ങളുടേയും വില വർദ്ധിക്കാൻ സാധ്യതയുണ്ടെന്നും സാധാരണക്കാർക്ക് അതുമൂലം ബുദ്ധിമുട്ട് ഉണ്ടാകുമെന്നുമുള്ള പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുകയെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) വാറ്റ് നിയമം പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാനത്ത് നിലവിൽ ഉള്ളതിൽ നിന്നും വിഭിന്നമായി ആദ്യഘട്ടത്തിൽ നികുതി ചുമത്തുന്നതിന് പുറമേ വസ്തുക്കളുടെ ഓരോ തുടർ വ്യാപാരത്തിലും നികുതി ചുമത്തപ്പെടും. എന്നാൽ വ്യാപാരികൾ അവർ വാങ്ങുമ്പോൾ നൽകുന്ന നികുതി കിഴിച്ച് ബാക്കി തുക സർക്കാരിലേയ്ക്ക് നൽകിയാൽ മതിയാകും.

(ബി) ഇത്തരത്തിൽ ഒരു വില വർദ്ധന ന്യായമായും ഉണ്ടാകാൻ സാധ്യതയില്ലെന്നാണ് കരുതുന്നത്. കാരണം 12.5 ശതമാനം നികുതി നിരക്കിൽ വരുന്ന ധാരാളം സാധനങ്ങൾ 4 ശതമാനം നിരക്കിലേക്ക് വരുന്നതു കാരണവും ഉൽപാദനത്തിന് മുമ്പ് അസംസ്കൃത വസ്തുവിന് കൊടുത്ത നികുതിക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കൊടുക്കുന്നതുമൂലവും ചരക്കിന്റെ വില കുറയാനാണ് സാദ്ധ്യത.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly